# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No. 179/PR/PIC/PHQ/18 Date : 21.07.2018

**മനുഷ്യാവകാശങ്ങളും ആധുനിക പോലീസിങ്ങും**

**ദേശീയ സെമിനാർ ജൂലൈ 25 ന്**

"സമീപകാല മനുഷ്യാവകാശ പ്രവണതകളും ആധുനിക പോലീസിങ്ങും" എന്ന വിഷയത്തിൽ കേരള പോലീസിന്റെ സഹകരണത്തോടെ പോലീസ് കംപ്ലെയിന്റ് അതോറിറ്റി ദേശീയ സെമിനാർ സംഘടിപ്പിക്കുന്നു.

ജൂലായ് 25 ന് രാവിലെ 9.30 ന് തിരുവനന്തപുരം ടാഗോർ സെന്റിനറി ഹാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ സെമിനാർ ഉദ്ഘാടനം ചെയ്യും. ജസ്റ്റിസ് വി.കെ.മോഹനൻ (ചെയർമാൻ, എസ്.പി.സി.എ) അദ്ധ്യക്ഷത വഹിക്കും. മുൻ സുപ്രീം കോടതി ജഡ്ജ് ജസ്റ്റിസ് വി.ഗോപാല ഗൗഡ മുഖ്യ പ്രഭാഷണം നടത്തും. മുൻ സംസ്ഥാന പോലീസ് മോധാവിയും പോലീസ് കംപ്ലയിന്റ് അതോറിറ്റി ചെയർമാനുമായ കെ.എസ്. ബാലസുബ്രമണ്യം സ്വാഗതം ആശംസിക്കും. തുടർന്ന് നടക്കുന്ന സെഷനുകളിൽ ഡോ എൻ.കെ.ജയകുമാർ (മുൻ വൈസ് ചാൻസലർ, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്), മജ ദരുവ്വാല (സീനിയർ അഡ്വൈസർ & മുൻ എക്സിക്യൂട്ടീവ് ഡയറക്ടർ, കോമൺവെൽത്ത് ഹ്യൂമൺ റൈറ്റ്സ് ഇനിഷ്യേറ്റീവ്, അഡ്വ.മിഹിർ ദേശായി (സീനിയർ കൗൺസൽ), ബി.ജി.ഹരീന്ദ്രനാഥ് (ലാ സെക്രട്ടറി,കേരള), ലോക്നാഥ് ബെഹറ (സംസ്ഥാന പോലീസ് മേധാവി), ജേക്കബ് പുന്നൂസ് (മുൻ സംസ്ഥാന പോലീസ് മേധാവി), ജെസ്റ്റിസ് ആന്റണി ഡോമിനിക് (ചെയർമാൻ, സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ) തുടങ്ങിയവർ പങ്കെടുക്കും.

*'മികവുറ്റ പോലീസിങ്- മനുഷ്യാവകാശപരമായ സമീപനം, പോലീസിങ്ങും മനുഷ്യാവകാശ ലംഘനങ്ങളും, പോലീസിനോടുള്ള കുറ്റസമ്മതവും മനുഷ്യാവകാശ കാഴ്ചപ്പാടുകളും, മനുഷ്യാവകാശ ലംഘനങ്ങൾ കൂടാതെയുള്ള കുറ്റാന്വേഷണം, ജനാധിപത്യ പോലീസിങ്ങിലെ മികവ്* എന്നീ വിഷയങ്ങൾ സെമിനാറിൽ ചർച്ച ചെയ്യും.

വൈകുന്നേരം 3.45 ന് നടക്കുന്ന സമാപന സമ്മേളനത്തിൽ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല മുഖ്യ പ്രഭാഷണം നടത്തും. എസ്.പി.സി.എ ചെയർമാൻ വി.കെ.മോഹനൻ, ജയ്സുഖ്ലാൽ എന്നിവർ പങ്കെടുക്കും.

********